ഭൂജല വകുപ്പിന്റെ കീഴിൽ ജലസംരക്ഷണ പ്രവർത്തനത്തിന്റെ ഭാഗമായി കണ്ണൂർ ജില്ലയിൽ താഴെ പറയുന്ന സ്ഥലങ്ങളിൽ 4 കൃത്രിമ ജലസംപോഷണ പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ട്.

1. സർവോദയ സ്കൂൾ, ചെണ്ടയാട്.
2. ടാഗോർ ഹയർ സെക്കണ്ടറി സ്കൂൾ, തളിപ്പറമ്പ്.
3. സെൻട്രൽ സ്കൂൾ, ഏടാട്ട്, പയ്യന്നൂർ.
4. എഞ്ചിനീയറിംഗ് കോളേജ്, കണ്ണൂർ.

ചീഫ് എഞ്ചിനീയറുടെ (ജലസേചനവും ഭരണവും) കീഴിൽ ജലസംരക്ഷണത്തിനായി ചെക്ക്ഡാമുകൾ, വി.സി.ബി.കൾ എന്നിവ നിർമ്മിക്കാറുണ്ട്. ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനായി റഗുലേറ്ററുകളും നിർമ്മിക്കാറുണ്ട്. കണ്ണൂർ ജില്ലയിൽ ചെക്ക്ഡാമുകൾ, വി.സി.ബി.കൾ എന്നിവയുടെ നിർമ്മാണത്തിനും പുനരുദ്ധാരണത്തിനുമായി മലബാർ ഇറിഗേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 699.35 ലക്ഷം രൂപ ചെലവിൽ 26 ജോലികൾക്ക് ഭരണാനുമതി നൽകി, ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കമ്മ്യൂണിക്കേഷൻ ആന്റ് കപ്പാസിറ്റി ഡെവലപ്പ്മെന്റ് (സി.സി.ഡി.യു), ജലസംരക്ഷണ പ്രവർത്തന മേഖലയിൽ ആവശ്യമായി വരുന്ന ബോധവൽക്കരണ പ്രചരണ പരിപാടികൾ നടപ്പിലാക്കുന്നുണ്ട്. കൂടാതെ ജലസുരക്ഷാ പരിപാടിയുടെ ബോധവൽക്കരണ പ്രചരണ പരിപാടികളുടെ സംസ്ഥാനതലത്തിലുള്ള കോ-ഓർഡിനേഷനും സി.സി.ഡി.യു. നിർവ്വഹിച്ചുവരുന്നു. കാഡ മുഖേന കണ്ണൂർ ജില്ലയിൽ പഴശ്ശി ജലസേചന പദ്ധതിയുടെ ആയക്കെട്ട് പ്രദേശത്തെ ജലസേചന സൗകര്യം മെച്ചപ്പെടുത്തുന്നതിന് വേണ്ടിയുള്ള കേന്ദ്ര ഗവൺമെന്റിന്റെ സി.എ.ഡി.ഡബ്ല്യു.എം. പ്രോഗ്രാമാണ് നടപ്പിലാക്കുന്നത്. കൂടാതെ, കണ്ണൂർ ജില്ലയിൽ ജലസുരക്ഷ പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കുള്ള നോഡൽ ഏജൻസിയായി കാഡയെ തെരഞ്ഞെടുത്തിട്ടുണ്ട്.

ശുദ്ധജല ദൗർലഭ്യം പരിഹരിക്കുന്നത് സംബന്ധിച്ച നയം

142 (5032) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശുദ്ധജല ദൗർലഭ്യം പരിഹരിക്കുന്നത് സംബന്ധിച്ച നയം വ്യക്തമാക്കുമോ ;

(ബി) മഴവെള്ള സംഭരണികൾ സ്ഥാപിക്കുന്നതുകൊണ്ട് ജല പ്രശ്നത്തിന് പരിഹാരമുണ്ടാക്കാനാവുമെന്ന് കരുതുന്നുണ്ടോ ; എങ്കിൽ അതു സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(സി) പുതിയ വീടുകളും സ്ഥാപനങ്ങളും നിർമ്മിക്കുമ്പോൾ മഴവെള്ള സംഭരണി ഉണ്ടായിരിക്കണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ടോ ; എങ്കിൽ അതു സംബന്ധിച്ച് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സർക്കാർ കെട്ടിടങ്ങളിൽ മഴവെള്ള സംഭരണികൾ നിർമ്മിച്ച് ഉപയോഗപ്പെടുത്തുന്നുണ്ടോ ; ഇല്ലെങ്കിൽ ഇതു സംബന്ധിച്ച് ആവശ്യമായ നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ മുഴുവൻ ശുദ്ധജല തടാകങ്ങളും ജല സഞ്ചയങ്ങളും കുളങ്ങളും മറ്റും സംരക്ഷിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും മലിനീകരണപ്പെടാതെ സൂക്ഷിക്കുന്നതിനുമായി ജനപങ്കാളിത്തത്തോടെ 'ജലസുരക്ഷ' എന്ന പേരിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. സംസ്ഥാനത്തെ മുഴുവൻ ജനങ്ങൾക്കും ശുദ്ധജലം ലഭ്യമാക്കുക എന്നതിനെ അടിസ്ഥാനപ്പെടുത്തിയാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

ജലവിനിയോഗം കാര്യക്ഷമമായി നടക്കുന്നതിനായി വാട്ടർ അതോറിറ്റി പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നു. കാലപ്പഴക്കംചെന്ന പൈപ്പുകൾ മാറ്റി സ്ഥാപിക്കുക, സ്രോതസ്സുകളിലെ ജലനിരപ്പ് ഉയർത്തുന്നതിനായി താത്ക്കാലിക തടയണകൾ നിർമ്മിക്കുക, പൈപ്പുകളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുക, കാലപ്പഴക്കം ചെന്ന ട്രീറ്റ്മെന്റ് പ്ലാന്റുകൾ നവീകരിക്കുക മുതലായ പ്രവൃത്തികളും ഏറ്റെടുത്ത് ശുദ്ധജല ദൗർലഭ്യം പരിഹരിക്കുന്നതിന് ലക്ഷ്യമിടുന്നു.

കൂടാതെ ഭൂജല വകുപ്പുവഴി ബോർവെല്ലിൽ അധിഷ്ഠിതമായ മിനി കുടിവെള്ള പദ്ധതികളും ജലനിധിവഴി മഴവെള്ള സംഭരണ പദ്ധതികളും മിനി കുടിവെള്ള പദ്ധതികളും നടപ്പാക്കിവരുന്നത് കൂടുതൽ ജനങ്ങൾക്ക് ശുദ്ധജലം എത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ്.

(ബി) വേനൽക്കാലത്തെ ജലദൗർലഭ്യം ഒരു പരിധിവരെ നേരിടാൻ കഴിയുന്ന ഒരു പദ്ധതിയാണ് മഴവെള്ള സംഭരണ പദ്ധതി. കേരള വാട്ടർ അതോറിറ്റിവഴി തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, എറണാകുളം എന്നീ ജില്ലകളിൽ മഴവെള്ള സംഭരണ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്. ഇതുവരെ 4457 യൂണിറ്റുകളുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ജലനിധി വഴിയും സി.സി.ഡി.യു. വഴിയും മഴവെള്ള സംഭരണ പ്രവൃത്തികൾ നടപ്പാക്കിവരുന്നു. നടപ്പ് സാമ്പത്തിക വർഷം ഇതിനായി 5കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(സി&ഡി) മൊത്തം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം 150 ച.മീറ്റർ വരേയും പ്ലോട്ടിന്റെ വിസ്തൃതി 320 ച.മീറ്റർ വരേയും വരുന്ന ഒറ്റ ഗാർഹിക കെട്ടിടങ്ങളും ഓല മേഞ്ഞ കെട്ടിടങ്ങളും ഒഴികെയുള്ള മറ്റ് പുതിയ വീടുകൾ/ കെട്ടിടങ്ങൾ നിർമ്മിക്കുമ്പോൾ അവയ്ക്കെല്ലാം മഴവെള്ള സംഭരണി ആവശ്യമാണെന്ന് കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത ചട്ടങ്ങൾ ഇപ്പോൾ കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ബാധകമാണ്.

ഈ വ്യവസ്ഥകൾ എല്ലാംതന്നെ സർക്കാർ കെട്ടിടങ്ങൾക്കും ബാധകമാണ്.

LIBRARY ARCHIVES Kerala Legislative Assembly